ഉത്തരം

(എ) ഗുരുവായൂരപ്പന് ലഭിക്കുന്ന സ്വർണ്ണം, വെള്ളി ഉൾപ്പെടെ വഴിപാടു ദ്രവ്യങ്ങളുടെ അളവ്, തൂക്കം, എണ്ണം, വലിപ്പം, ഗുണനിലവാരം എന്നിവ കമ്മീഷണറുടെ അനുമതിക്കും നിബന്ധനകൾക്കും വിധേയമായി ഒരു അംഗീകൃത വാല്യൂവറുടെസേവനം വിനിയോഗിച്ച് നിർണ്ണയിക്കാൻ ഗുരുവായൂർ ദേവസ്വം ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. മൂല്യനിർണ്ണയം നടത്തി കണക്ക് പ്രത്യേകം സൂക്ഷിക്കണമെന്ന് ലോക്കൽഫണ്ട് ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇത് തീരുമാനിച്ചത്.

(ബി) അളവ്, തൂക്കം, എണ്ണം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയാണ് ഇപ്പോൾ ഇൻവെന്ററി തയ്യാറാക്കിവരുന്നത്. ഗുണമേന്മ, ഇനം എന്നിവ പരിശോധിക്കുന്നതിന് ആവശ്യമായ സംവിധാനമില്ലാത്തതിനാൽ ഈ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

(സി, ഡി, ഇ ആന്റ് എഫ്) മൂല്യനിർണ്ണയ സംവിധാനം ഗുരുവായൂർ ദേവസ്വം ഭരണസമിതിയുടെ തീരുമാനപ്രകാരം ആരംഭിക്കുന്നതേയുള്ളു. ഇത് സംബന്ധിച്ച് ദേവപ്രശ്നവും നടത്തിയിട്ടില്ല.

കാർഷിക സർവ്വകലാശാലാ ഗവേഷണങ്ങൾ

74 [1179] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :

,, എം. എം. ഹസ്സൻ :

,, എം. പി. ഗംഗാധരൻ :

,, ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈച്ചകുത്താത്ത പാവയ്ക്ക, ദ്രുതവാട്ടത്തെ ചെറുക്കുന്ന കുരുമുളക് എന്നിവ ഉൽപാദിപ്പിക്കുവാൻ കാർഷിക സർവ്വകലാശാലയും കൃഷിവകുപ്പും എന്തെല്ലാം ഗവേഷണങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വിശദമാക്കാമോ ;

(ബി) ഇക്കാര്യത്തിൽ കാർഷിക സർവ്വകലാശാലക്കും കൃഷിവകുപ്പിനും വിജയം കണ്ടെത്തുവാൻകഴിഞ്ഞിട്ടുണ്ടോ ;

(സി) എരുമേലി, ഒഴക്കനാട് പുതുപ്പറമ്പിൽ ജോർജ് എന്ന കർഷകൻ ഇത്തരത്തിൽപ്പെട്ട പാവൽ ഇനവും കുരുമുളകും വികസിപ്പിച്ചെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) പാവയ്ക്ക ഈച്ചകുത്തുന്നത് ചെറുക്കുന്നതിനുവേണ്ടി വിവിധതരം പഴക്കെണികളും മറ്റ് കെണികളും വികസിപ്പിച്ചെടുത്തിട്ടുണ്ട്. കൂടാതെ വിവിധ കീടനാശിനികൾ ഉപയോഗിച്ചും ഈ കീടത്തെ നശിപ്പിക്കാനാവുമെന്നും കണ്ടെത്തിയിട്ടുണ്ട്. കുരുമുളകിന്റെ ദ്രുതവാട്ടത്തെ ചെറുക്കുന്നതിനായി സ്വീകരിക്കേണ്ട

LIBRARY ARCHIVES Kerala Legislative Assembly

നടപടികളെക്കുറിച്ച് കാർഷിക സർവ്വകലാശാലയുടെ പന്നിയൂർ കുരുമുളക് ഗവേഷണകേന്ദ്രത്തിലും വെള്ളാനിക്കര ഹോർട്ടിക്കൾച്ചറൽ കോളേജിലും പഠനങ്ങൾ നടത്തുകയും നിവാരണമാർഗ്ഗങ്ങൾ വികസിപ്പിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല

ബാലുശ്ശേരി കൃഷിഭവന് കെട്ടിടം

75 [1189] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം കൃഷിഭവനുകൾക്കാണ് സ്വന്തമായി കെട്ടിടം നിർമ്മിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ബി) സ്വന്തമായി കെട്ടിടം പണിയുവാൻ സ്ഥലമുള്ള എത്ര പഞ്ചായത്തുകൾ ഉണ്ടെന്നും അവ ഏതൊക്കെയാണ് എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന 5 കൃഷിഭവനുകൾക്കാണ് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളത്.

1. നൻമണ്ട.
2. തലക്കുളത്തൂർ.
3. ഉള്ള്യേരി.
4. ബാലുശ്ശേരി.
5. പനങ്ങാട്.

(ബി) എലത്തൂർ പഞ്ചായത്തിനു മാത്രമേ സ്വന്തമായി കെട്ടിടം പണിയാൻ സ്ഥലമുള്ളു.

വർക്ക് സൂപ്രണ്ടുമാരുടെ ഒഴിവുകൾ

76 [1190] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിവകുപ്പിൽ വർക്ക് സൂപ്രണ്ടുമാരുടെ എത്ര ഒഴിവുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ് ;

(സി) ഒഴിവുകൾ എപ്പോൾ റിപ്പോർട്ട് ചെയ്യുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly